**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** — **11-09-2023 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ പരാതികൾക്കിടയില്ലാതെ നടപ്പാക്കിയതിന് എന്തെല്ലാം നിർദ്ദേശങ്ങളും മുൻകരുതലുകളുമാണ് നൽകിയിരുന്നതെന്ന് വിശദമാക്കാമോ; | (എ) | **2023 എസ്.എസ്.എൽ.സി യുടെ പരീക്ഷാ വിജ്ഞാപനം 26/11/2022-ന് പുറപ്പെടുവിക്കുകയും, എസ്.സി.ഇ.ആർ.റ്റി ലഭ്യമാക്കിയിട്ടുള്ള വിഷയ വിദഗ്ധരുടെ പാനൽ ഉപയോഗിച്ച് ചോദ്യപേപ്പർ തയ്യാറാക്കുകയും, ആയത് അടിയന്തരമായി പ്രിന്റ് ചെയ്ത് സുരക്ഷ ക്രമീകരണങ്ങളോടെ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയുമുണ്ടായി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം സമയബന്ധിതമായി നടത്തുകയും ജില്ലാ അടിസ്ഥാനത്തിലും മേഖലാ അടിസ്ഥാനത്തിലും ഇവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തു. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാന തലത്തിലും ജില്ലാടിസ്ഥാനത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ആവശ്യമായ യോഗങ്ങൾ ചേർന്ന് നിർദ്ദേശങ്ങൾ നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പരീക്ഷാ സമയത്ത് ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാൻ വിദ്യാഭ്യാസ ജില്ലാ തലത്തിലും റവന്യൂ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ആവശ്യമായ മോണിറ്ററിംഗ് 09-03-2023 മുതൽ 29-03-2023 വരെയുള്ള എല്ലാ പരീക്ഷാ ദിവസങ്ങളിലും നടത്തുകയുണ്ടായി.<br><br>കഴിഞ്ഞ വർഷത്തെ ഹയർ സെക്കന്ററി പരീക്ഷകൾ 10/03/2023 മുതൽ 30/03/2023 വരെ നടക്കുകയുണ്ടായി. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഹാൾടിക്കറ്റ് വിതരണം യഥാസമയം നടത്തിയിരുന്നു. പരീക്ഷ നടത്തിപ്പിലേക്കായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്,** |

| | | | |
|---|---|---|---|
| | | | **ഇൻവിജിലേറ്റർമാർ എന്നിവരെ നിയമിച്ചിരുന്നു. ചീഫ് സൂപ്രണ്ട്മാരുടെയും മേഖല ഉപമേധാവിമാരുടെയും മീറ്റിംഗുകൾ സംഘടിപ്പിച്ചിരുന്നു. ഉത്തരക്കടലാസുകളും ചോദ്യപേപ്പറുകളും കൃത്യസമയത്ത് എത്തിച്ചിരുന്നു. ചോദ്യപേപ്പറുകളുടെ സുരക്ഷയ്ക്കായി നൈറ്റ് വാച്ച്മാൻമാരെ നിയമിച്ചിരുന്നു. വാർഷിക പരീക്ഷകൾക്ക് മുൻപായി മാതൃകാ പരീക്ഷകൾ നടത്തിയിരുന്നു. കേരളത്തികനത്തും പുറത്തുമായി 2023 പരീക്ഷ കേന്ദ്രങ്ങളും കേരളത്തിനകത്തായി 80 മൂല്യനിർണ്ണയ ക്യാമ്പുകളും സജ്ജീകരിച്ചിരുന്നു. പരീക്ഷകളും അനുബന്ധ പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്.** |
| (ബി) | മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും നിശ്ചയിച്ച പ്രകാരം തന്നെ നടത്തുന്നതിന് സ്വീകരിച്ചിരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (ബി) | 2023 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിനായി 2023 ഏപ്രിൽ മാസത്തിൽ തന്നെ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുന്നതിന് വേണ്ടി 03/04/2023 മുതൽ 26/04/2023 വരെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, ഇതിനായി സംസ്ഥാനത്ത് ആകെ 70 മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിക്കുകയും ചെയ്തിരുന്നു. ഈ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഓരോ ക്യാമ്പിലും ക്യാമ്പ് ഓഫീസറേയും, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറേയും നിയമിക്കുകയും ക്യാമ്പുകൾ തുടങ്ങുന്നതിന് മുന്നോടിയായുള്ള ക്യാമ്പ് ഓഫീസർമാരുടെ പരിശീലനം നടത്തുകയും ചെയ്തിരുന്നു. ഓരോ ക്യാമ്പിലേയ്ക്കും ആവശ്യമായ അഡീഷണൽ ചീഫ് എക്സാമിനർ, അസ്സിസ്റ്റന്റ് എക്സാമിനർ എന്നിവരെ സമയബന്ധിതമായി നിയമിക്കുകയും ക്യാമ്പുകളുടെ ചെലവുകൾക്കാവശ്യമായ ഫണ്ട് വിതരണം നടത്തുകയും ചെയ്തു. മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് സമാന്തരമായി പരീക്ഷാഭവനിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി ടാബുലേഷൻ നടപടികൾ കൂടി നടത്തുകയും ഫലപ്രഖ്യാപനം നേരത്തേ നിശ്ചയിച്ച തീയതിയായ 20-05-2023-ന് മുമ്പായി 19-05-2023-ന് നടത്തുകയും ചെയ്തു.<br><br>കഴിഞ്ഞ വർഷത്തെ ഹയർ സെക്കന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയം കേരളത്തിനകത്തായി 80 മൂല്യനിർണ്ണയ ക്യാമ്പുകളിലാണ് നടന്നത്. 884 ക്യാമ്പ് ഒഫിഷ്യൽസിനെ 80 മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിയോഗിച്ച് 23,231 അധ്യാപകരെ പങ്കെടുപ്പിച്ച് കൊണ്ട് മൂല്യനിർണ്ണയം 03/04/2023-ന് ആരംഭിച്ച് 26/04/2023-ന് പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | മൂല്യനിർണ്ണയ ക്യാമ്പുകളിൽ തന്നെ ടാബുലേഷൻ നടത്തി ഡേറ്റ എടുത്ത് ഡയറക്ടറേറ്റിൽ പ്രോസസ് ചെയ്ത് 16/05/2023 ന് പരീക്ഷ ബോർഡ് കൂടുകയും 25/05/2023-ന് ഫലപ്രഖ്യാപനം നടത്തുകയും ചെയ്തു. |
| (സി) | കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ വിജയകരമായി നടത്തുന്നതിന് അദ്ധ്യാപകരും അനദ്ധ്യാപകരും ജീവനക്കാരും നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എസ്.എസ്.എൽ.സി., പ്ലസ് ടു സർട്ടിഫിക്കറ്റുകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ഡി) | എസ്.എസ്.എൽ.സി പരീക്ഷയുടെയും അതിന്റെ പുനർമൂല്യനിർണ്ണയത്തിന്റെയും SAY പരീക്ഷയുടേയും ഫലം പ്രസിദ്ധീകരിച്ച ഉടൻതന്നെ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും, പ്രിന്റിംഗ്, സർട്ടിഫിക്കറ്റ് സീലിംഗ്, വെരിഫിക്കേഷൻ തുടങ്ങിയ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ജൂലൈ 5 മുതൽ തന്നെ സർട്ടിഫിക്കറ്റ് വിതരണം ആരംഭിക്കുകയും എല്ലാ സ്കൂളുകളിലും സർട്ടിഫിക്കറ്റുകൾ എത്തി എന്ന് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. കഴിഞ്ഞ വർഷം ആഗസ്റ്റ് 28 ന് മാത്രമാണ് സർട്ടിഫിക്കറ്റ് വിതരണം ആരംഭിക്കാൻ കഴിഞ്ഞിരുന്നത്.<br><br>മുൻ വർഷം വരെ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റുകൾ സെക്യൂരിറ്റി പ്രിന്റിംഗ് പ്രെസ്സിൽ നിന്നും പ്രിന്റ് ചെയ്ത് സ്കൂളുകളിലേയ്ക്ക് തപാൽ മാർഗ്ഗമാണ് അയച്ചിരുന്നത്. ഇപ്രകാരം രണ്ടായിരത്തിലധികം സ്കൂളുകളിലേക്ക് തപാൽ മുഖേന സർട്ടിഫിക്കറ്റുകൾ അയയ്ക്കുമ്പോൾ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇക്കൊല്ലം മുതൽ സർട്ടിഫിക്കറ്റുകൾ ജില്ലാകേന്ദ്രങ്ങളിൽ എത്തിച്ച് അവിടെ നിന്നും വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. തന്മൂലം സർട്ടിഫിക്കറ്റുകൾ വേഗത്തിൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ